**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 4227 — 16.12.2014 ൽ മറുപടിക്ക്

## ഇ-സംഭരണ സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ബെന്നി ബെഹനാൻ**<br>**ശ്രീ. പി.എ. മാധവൻ**<br>**ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ**<br>**ശ്രീ. ജോസഫ് വാഴയ്ക്കൻ** | **ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി**<br>**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) ഇ-സംഭരണ സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) ഉണ്ട്. 07-12-11 മുതൽ സംസ്ഥാനത്ത് ഇ-സംഭരണ സംവിധാനം നിലവിൽ വന്നു. ഇപ്പോൾ 42-ഓളം ഡിപ്പാർട്ടുമെന്റുകളും, 87-ഓളം പൊതു മേഖലാ സ്ഥാപനങ്ങളും ഈ സംവിധാനത്തിനു കീഴിൽ വന്നിട്ടുണ്ട്. ഇതിനോടകം 22,774 കോടി മൂല്യമുള്ള 27,092-ഓളം ഓൺലൈൻ ദർഘാസുകൾ പ്രസിദ്ധപ്പെടുത്തി. വിവിധ വകുപ്പുകളിലെ 6672-ൽ പരം ജീവനക്കാർക്ക് പരിശീലനം നൽകി കഴിഞ്ഞു. ഇതു വരെ 8217-ഓളം കരാറുകാർ ഓൺലൈൻ വഴി രജിസ്റ്റർ ചെയ്തു. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;<br><br>(സി) എന്തെല്ലാം ഗുണഫലങ്ങളാണ് പ്രസ്തുത സംവിധാനം വഴി വിവിധ വകുപ്പുകൾക്ക് ലഭ്യമാകുകയെന്ന് വ്യക്തമാക്കുമോ; | (ബി) & (സി) വിവിധ സർക്കാർ വകുപ്പുകളുടെയും പൊതു മേഖല സ്ഥാപനങ്ങളുടെയും സംഭരണം ഒരു കുടക്കീഴിൽ കൊണ്ടു വരുക, കരാർ/ ടെൻഡർ പ്രക്രിയയുടെ സുതാര്യതയും തുറന്ന മത്സരവും ടെൻഡറുകളുടെ രഹസ്യ സ്വഭാവവും കാത്തു സൂക്ഷിക്കുക, ടെൻഡർ നടപടികളിലെ കാല താമസം ഒഴിവാക്കി സമയ ബന്ധിതമായി ടെൻഡർ പ്രക്രിയ പൂർത്തീകരിക്കുക എന്നിവയാണ് ഇ-പ്രൊക്യുർമെന്റ്/ ഇ-പേയ്മെൻറ് എന്ന കടലാസു രഹിത സംവിധാനത്തിന്റെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ. ദർഘാസ് പ്രമാണങ്ങൾ ഓൺലൈനിലൂടെ സമർപ്പിക്കുവാനുള്ള സൗകര്യം, തെരഞ്ഞെടുക്കാത്ത കരാറുകാരുടെ നിരത ദ്രവ്യം ഓൺലൈനിലൂടെ ഉടൻ മടക്കി നൽകുന്നതിനുള്ള സൗകര്യം, ഏറ്റവും ചുരുങ്ങിയ ചെലവിൽ പരമാവധി വേഗത്തിൽ നടപടിക്രമങ്ങൾ പൂർത്തീകരിക്കാനുള്ള സൗകര്യം, കരാറുകാർക്ക് ആരോഗ്യകരമായ തുറന്ന മത്സരങ്ങൾക്കുള്ള സൗകര്യം, ദർഘാസ് വിവരങ്ങൾ |

എല്ലാവർക്കും ഒരു പോലെ ലഭിക്കുന്നതിനുള്ള സൗകര്യം എന്നിവ ഈ സംരംഭത്തിന്റെ മേന്മയാണ്. കൂടുതൽ കരാറുകാർക്ക് ഓരോ ദർഘാസിലും പങ്കെടുക്കുവാൻ കഴിയുന്നതിലൂടെ ആരോഗ്യകരമായ മത്സരം ഉണ്ടാകുകയും കുറഞ്ഞ തുകയ്ക്ക് കരാർ ഉറപ്പിക്കുവാനും കടലാസു രഹിത സംവിധാനത്തിലൂടെ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിക്കുന്നതിനും, ഭരണപരമായ ചിലവു കുറക്കുന്നതിനും ഈ സംവിധാനം സഹായിക്കുന്നു. കൂടാതെ കാലവിളംബമില്ലാതെ തീരുമാനങ്ങൾ കൈ ക്കൊള്ളുന്നതിനും ഇതു വഴി സാധിക്കുന്നു.

(ഡി) ആരെല്ലാമാണ് പ്രസ്തുത സംവിധാനവുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ?

(ഡി) നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ, സ് റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, എന്നിവരുടെ സഹകരണത്തോടെ കേരള സ്റ്റേറ്റ് ഐ.റ്റി മിഷനാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സാങ്കേതിക സഹായവും ജീവനക്കാർക്കും കരാറുകാർക്കുമുള്ള പരിശീലനവും നൽകുന്ന ചുമതല ഐ. റ്റി മിഷനാണ്. ഇതിനു വേണ്ടി ഐ.റ്റി മിഷന്റെ പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റും ഇ-പ്രൊക്യൂർമെൻറ് സെല്ലും ഹെല്പ് ഡസ്കും തിരുവനന്തപുരത്തും, എറണാകുളത്തും, കണ്ണൂരും പ്രവർത്തിച്ചു വരുന്നു. സോഫ്റ്റ് വെയർ നിർമ്മാണവും അതിന്റെ മെയിന്റനൻസും നിർവഹിക്കുന്നത് നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററും നിരത ദ്രവ്യവും ദർഘാസ് തുകയും ഓൺലൈൻ വഴി അടക്കാനുള്ള ഇ-പേയ് മെന്റ് സംവിധാനം ലഭ്യമാക്കുന്നതും അതിന്റെ മെയിന്റനൻസ് നിർവഹിക്കുന്നതും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറുമാണ്.

**സെക്ഷൻ ഓഫീസർ**